(4) ബാങ്കിന്റെ മുള്ളരിങ്ങാട് ശാഖ ഓഫീസിൽ മന്ദിരത്തിന്റെ നിർമ്മാണത്തിന് സഹകരണ സംഘം രജിസ്ട്രാറുടെ മുൻ അനുവാദം വാങ്ങാതെ സഹകരണ ചട്ടം 54-ന് വിരുദ്ധമായി സംഘത്തിന്റെ പൊതുഫണ്ടിൽനിന്നും 4,97,131 രൂപ വിനിയോഗിച്ചു.

(5) സംഘം സെക്രട്ടറി ഭീമമായ തുക യാതൊരു കാരണവും കാണിക്കാതെ അഡ്വാൻസിനത്തിൽ കൈപ്പറ്റുകയും 1 മുതൽ 31 മാസകാലത്തോളം തുകകൾ കൈവശം സൂക്ഷിച്ചിട്ട് തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്.

(6) ബൈലോയ്ക്ക് വിരുദ്ധമായി ഭരണസമിതി അംഗത്തിന് ചെക്ക് ഡിസ്ക്കൗണ്ട് ചെയ്തു നൽകുകയും മാസങ്ങളോളം ചെക്ക് കളക്ഷനയക്കാതെ സൂക്ഷിക്കുകയും പിന്നീട് തുക നേരിട്ട് സംഘത്തിൽ അടയ്ക്കുവാൻ അവസരം നൽകുകയും ചെയ്തു.

(7) സംഘം ബൈലോ 54 (ഡി) പ്രകാരം സ്വന്തം ജാമ്യത്തിൽ പരമാവധി 25,000 രൂപവരെ മാത്രമേ വായ്പയായി നൽകുവാൻ വ്യവസ്ഥയുള്ളൂ എന്നിരിക്കെ ഇതിന് വിരുദ്ധമായി ചെക്കിന്റെ ഈടിന്മേൽ 2,00,000 രൂപ മുതൽ 8,00,000 രൂപവരെ വായ്പ നൽകിയിട്ടുണ്ട്. ഇത് സംഘം ഫണ്ടിന്റെ ദുർവിനിയോഗവും സഹകരണ നിയമത്തിനും ചട്ടത്തിനും സംഘം ബൈലോ വ്യവസ്ഥയ്ക്കും വിരുദ്ധമാണ്.

(8) തിരിച്ചടയ്ക്കാനുള്ള കഴിവ് കണക്കിലെടുക്കാതെ ചെറിയ ഈടിന്മേൽ ഭീമമായ തുകകൾ വായ്പ നൽകിയിട്ടുണ്ട്.

(9) മറ്റ് ബാദ്ധ്യതകൾ ഉണ്ടാക്കരുത് എന്ന നിബന്ധനയോടെ വസ്തുവിൽ നൽകിയിട്ടുള്ള 'പട്ടയം' പണമായി സ്വീകരിച്ച് 5,50,000 രൂപ വായ്പ നൽകുകയുണ്ടായി.

(10) സെക്രട്ടറിക്ക് നിയമവിരുദ്ധമായി ചെക്കുകൾ ഡിസ്ക്കൗണ്ട് ചെയ്തു നൽകുകയുണ്ടായി.

(11) സഹകരണ സംഘം രജിസ്ട്രാർ സർക്കുലറുകൾ പ്രകാരം നിശ്ചയിച്ചു നൽകിയിട്ടുള്ള നിരക്കിലധികമായി വായ്പയ്ക്കു പലിശ ഈടാക്കുകയും നിക്ഷേപങ്ങൾക്ക് കൂടുതൽ തുക പലിശ നൽകുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം നിക്ഷേപങ്ങൾക്ക് കൂടിയ നിരക്കിൽ പലിശ നൽകിയ ഇനത്തിൽ 2001-02 വർഷം ബാങ്കിന് 7,75,941 രൂപ നഷ്ടം വരുത്തുകയുണ്ടായി.

(12) സഹകരണചട്ടം 63 പ്രകാരമുള്ള തരളധനം ബാങ്ക് സൂക്ഷിക്കുകയുണ്ടായില്ല.

സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ പെയ്ഡ് അപ്ഷെയർ ക്യാപിറ്റൽ

137 [1276] ശ്രീ. ടി. എൻ. പ്രതാപൻ:
,, എ. പി. അനിൽ കുമാർ:
,, എൻ. ഡി. അപ്പച്ചൻ:
,, പി. ജെ. ജോയി:
പ്രൊഫ. സാവിത്രി ലക്ഷ്മണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ആഭിമുഖ്യത്തിലുള്ള സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ പെയ്ഡ് അപ്ഷെയർ ക്യാപിറ്റൽ എത്രയാണ്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇപ്പോൾ പ്രസ്തുത സംഘം എന്തെല്ലാം വിധത്തിലുള്ള ഇൻഷ്വറൻസ് ബിസിനസ് നടത്തിവരുന്നു;

(സി) അതിന്റെ വാർഷിക ടേൺ ഓവർ എത്രയെന്നും ലാഭം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) സഹകരണ നിയമപ്രകാരം രൂപീകരിക്കപ്പെട്ടിട്ടുള്ള ഇൻഷ്വറൻസ് സംഘത്തിന്റെ പിരിച്ചെടുത്ത ഓഹരി മൂലധനം 2,05,79,300 രൂപ.

(ബി) ജനറൽ ഇൻഷ്വറൻസ് ഇടപാടുകൾ നടത്തുന്നതിന് ഇഫ്കോ-ടോക്യോ ജനറൽ ഇൻഷ്വറൻസ് കമ്പനിയുടെയും ലൈഫ് ഇൻഷ്വറൻസ് പ്രോഡക്ടുകൾ വിതരണം ചെയ്യുന്നതിന് എ.എം.പി.-സൻമാർ അഷ്വറൻസ് കമ്പനിയുടെയും കോർപ്പറേറ്റ് ഏജന്റായി പ്രവർത്തിക്കുന്നതിന് സഹകരണ ഇൻഷ്വറൻസ് സംഘം ധാരണാപത്രം ഒപ്പുവച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) സഹകരണ ഇൻഷ്വറൻസ് സംഘത്തിന്റെ താൽക്കാലിക ബാക്കിപത്ര പ്രകാരം 2000-01 വർഷത്തിൽ 12,318 രൂപയും 2001-02 വർഷത്തിൽ 13,03,225 രൂപയും 2002-03 വർഷത്തിൽ 26,42,426 രൂപയുടേയും അറ്റലാഭമുണ്ട്.

കുടിശ്ശിക നിവാരണത്തിന് വൺടൈം സെറ്റിൽമെന്റ് പദ്ധതി

138 [1277] ശ്രീ. ടി. കെ. ദേവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ കുടിശ്ശിക നിവാരണത്തിന്റെ ഭാഗമായി വൺടൈം സെറ്റിൽമെന്റ് പദ്ധതി എന്നുവരെയാണ് അനുവദിച്ചിട്ടുള്ളത്;

(ബി) ഏത് തീയതിവരെയുള്ള കുടിശ്ശികകൾക്ക് ഇത് ബാധകമാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ നിർദ്ദേശപ്രകാരം പ്രാഥമിക വായ്പാ സഹകരണ സംഘങ്ങളിൽ 31-3-2004 വരെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതി അനുവദിച്ചിട്ടുണ്ട്. എന്നാൽ എന്തെങ്കിലും കാരണവശാൽ ടി തീയതിക്കകം ഒന്നിച്ച് തുക അടയ്ക്കാൻ സാധിക്കാതെ വരുന്ന വായ്പക്കാർക്ക് 31-3-2002-ലെ ബാക്കി നില്പ് വായ്പാ തുകയുടെ 10% 31-3-2004-ന് മുമ്പ് അടയ്ക്കാവുന്നതും ശേഷിക്കുന്ന തുക തുടർന്നുള്ള 10 പ്രതിമാസ തവണകളായി 12% പലിശയോടുകൂടി അടച്ചുതീർക്കാവുന്നതുമാണ്. സഹകരണ അർബൻ ബാങ്കുകളിൽ റിസർവ് ബാങ്കിന്റെ നിർദ്ദേശാനുസരണം 31-12-2003 വരെ വൺ ടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ടായിരുന്നു. നബാർഡിന്റെ നിർദ്ദേശാനുസരണം സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളിൽ 31-3-2004 വരെ കാലാവധി നിശ്ചയിച്ചുകൊണ്ട് വൺ ടൈം സെറ്റിൽമെന്റ് പദ്ധതി നടപ്പിലാക്കിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly